(ബി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇതിനകം എന്തു തുക ഇതിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ;

(ഇ) കേന്ദ്രം നൽകിയ തുക യഥാസമയം ചെലവഴിക്കാത്തതിന്റെ ഭാഗമായി പലിശ ഇനത്തിൽ എന്തു തുക ഇതിനകം കേന്ദ്രത്തിനു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) 1999 ആഗസ്റ്റ് 12. ഈ പദ്ധതി ഇപ്പോൾ നിർവ്വഹണ ഘട്ടത്തിലാണ്. രണ്ടു ഗ്രാമപഞ്ചായത്തുകൾ പൈലറ്റടിസ്ഥാനത്തിൽ സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ കമ്പ്യൂട്ടർ ലഭ്യമാക്കിയ 200 ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. ഇതിനുപുറമെ 5 മുനിസിപ്പൽ കോർപ്പറേഷനുകൾ ഉൾപ്പെടെ 58 നഗരസഭകളിലും കമ്പ്യൂട്ടർവൽക്കരണ പരിപാടി ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്.

(ബി) 31-3-2007-ൽ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(സി) 31-12-2005 വരെ 24.38 കോടി രൂപ.

(ഡി) ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ത്രിതല പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിനായി അഡീഷണൽ സെൻട്രൽ അസിസ്റ്റന്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു:

1997-98	-	11 കോടി
1998-99	-	10 കോടി
1999-2000	-	12 കോടി
ആകെ		33 കോടി

ഈ തുകയിൽ 23.16 കോടി രൂപ ഐ.കെ.എം.-ന് നൽകി. ഇതിൽ നിന്നും 20.30 കോടി രൂപ 31-12-2005 വരെ ചെലഴവിച്ചിട്ടുണ്ട്.

(ഇ) പലിശ ഇനത്തിൽ തുക ഒന്നും നൽകിയിട്ടില്ല. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് കേന്ദ്ര സർക്കാർ 70% ലോണും 30% ഗ്രാന്റുമായാണ് നൽകുന്നത്. 9% ആണ് വാർഷിക പലിശ ഇനത്തിൽ നൽകേണ്ടത്. ലോൺ 5 വർഷത്തിനുശേഷം 20 വർഷത്തിനുള്ളിൽ അടച്ചു തീർക്കേണ്ടതാണ്. എന്നാൽ പലിശ ആദ്യവർഷം മുതൽ തന്നെ കണക്കാക്കും. ഈ തുക സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കാറില്ല. തുടർന്ന് ലഭിക്കുന്ന കേന്ദ്ര സഹായത്തിൽ അഡ്ജസ്റ്റ് ചെയ്യുകയാണ്.

ഒരു ലക്ഷം യുവാക്കൾക്കുള്ള തൊഴിൽദാന പദ്ധതിയും കർഷക പെൻഷൻ പദ്ധതിയും

4 (*23) ശ്രീ. മത്തായി ചാക്കോ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ൽ യുഡിഎഫ് സർക്കാർ പ്രഖ്യാപിച്ച ഒരു ലക്ഷം യുവാക്കൾക്കുള്ള തൊഴിൽദാന പദ്ധതിയും കർഷക പെൻഷൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഈ പദ്ധതിയനുസരിച്ച് എന്തു തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയിൽ അംഗത്വം എടുത്തവരെ ഈ പദ്ധതികൾ നിർത്തൽ ചെയ്തതായി കൃഷി ഭവൻ വഴി അറിയിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പദ്ധതികൾ നിർത്തലാക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 1994-ൽ യു.ഡി.എഫ്. സർക്കാർ ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി രൂപീകരിച്ചിരുന്നു. ഈ പദ്ധതിയിൽ അംഗങ്ങളായവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റി നൽകുന്നതിനും 60 വയസ്സ് മുതൽ മരണം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനും ഇതു രണ്ടും കൂടാതെ മരണശേഷം നോമിനിക്ക് ഒരു ലക്ഷം രൂപ നൽകുന്നതിനും വിഭാവനം ചെയ്തിരുന്നു. എന്നാൽ തൊഴിൽദാനവും പെൻഷൻ സ്കീമും ഇതേവരെ നടപ്പിലാക്കിയിട്ടില്ല. 60 വയസ്സിന് മുമ്പ് മരിക്കുന്നവരുടെ നോമിനിക്ക് 25,000 രൂപ വരെ മരണാനന്തര ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) 20 വയസ്സിനും 35 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരും (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് 40 വയസ്സ്) 5 സെന്റ് ഭൂമി സ്വന്തമായോ കൈവശത്തിലോ ഉള്ളവരും ആയ യുവതീ യുവാക്കളെ ആണ് ഈ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു പഞ്ചായത്തിൽ നിന്നും 100 പേർ എന്ന പ്രകാരം 1,04,215 പേർ അംഗങ്ങളായി. പദ്ധതി അംഗത്വം നേടുന്നതിനായി 100 രൂപ രജിസ്ട്രേഷൻ ഫീസും 1000 രൂപ സാമൂഹ്യ സുരക്ഷാ ഫണ്ടിലേക്കും അടയ്ക്കേണ്ടതുണ്ട്. ഈ പദ്ധതി അനുസരിച്ച് 10,41,98,509 (പത്തു കോടി നാല്പത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി അഞ്ഞൂറ്റി ഒൻപത്) രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ടി തുക സർക്കാർ വിഹിതം ഉൾപ്പെടെ പലിശയടക്കം ഏതാണ്ട് 60 കോടിയോളം ആയിട്ടുണ്ട്. ഇത് സ്ഥിര നിക്ഷേപമായി ട്രഷറിയിൽ അടച്ചിട്ടുണ്ട്. മരണമടഞ്ഞവരുടെ ആനുകൂല്യവും പിരിഞ്ഞുപോകുന്നവർക്കുള്ള തുകയും ഈ ഫണ്ടിൽ നിന്ന് നൽകുന്നു.

(സി) പദ്ധതി നിർത്തലാക്കിയിട്ടില്ല. ഈ പദ്ധതി ജി.ഒ.(എംഎസ്.)123/05 തീയതി 25-8-2005 പ്രകാരം പുതുക്കുകയാണ് ചെയ്തത്. പദ്ധതിയിൽ നിന്ന് വിട്ടുപോകാതെ നിൽക്കുന്നവർക്ക് വേണ്ടി കൃഷി അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെടുത്തി പുതിയ പദ്ധതികൾക്ക് രൂപം നൽകി വരുന്നു. കൂടാതെ സ്വമേധയാ പിരിഞ്ഞു പോകുന്നവർക്ക് പുതുക്കിയ സ്കീം പ്രകാരം 5000 രൂപ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കാർഷിക വൃത്തിയല്ലാത്ത മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടവരെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. ഇപ്രകാരം ഒഴിവാക്കുന്നവർക്കും ടി തുക നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതി നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly